പോസ്റ്റൽ ബാലറ്റുകൾ ലഭിക്കാറില്ലെന്ന പരാതി

5 (938) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കുന്ന സായുധ ബെറ്റാലിയനുകളിലെ പോലീസുകാർക്ക് പോസ്റ്റർ ബാലറ്റുകൾ കൃത്യമായി ലഭിക്കാറില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പോലീസ്കാരിൽ നിന്നും അനുമതി പത്രം ഭീഷണിപ്പെടുത്തി ഒപ്പിട്ടുവാങ്ങി ബാലറ്റുകൾ ഒന്നായി വാങ്ങി കൊണ്ടുപോകുന്നതായ പരാതി ഉള്ളതായി അറിയാമോ ;

(സി) പോസ്റ്റൽ ബാലറ്റുകൾ കൃത്യമായി പോലീസുകാർക്ക് നൽകാൻ സായുധസേന ക്യാമ്പിൽ ചുമതലയുള്ളത് ഏത് റാങ്കിൽ ഉള്ള ഉദ്യോഗസ്ഥനാണെന്നു വ്യക്തമാക്കാമോ ;

(ഡി) പോലീസുകാരെ ഭീഷണിപ്പെടുത്തി ആതറൈസേഷൻ വാങ്ങാനോ ബാലറ്റ് കൃത്യമായി നൽകാതിരിക്കാനോ ഇടയായാൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇത്തരത്തിൽ പരാതികൾ ലഭിച്ചിട്ടില്ല

(സി) അതാത് കമ്പനി കമാണ്ടർമാർ (ആംഡ്പോലീസ് ഇൻസ്പെക്ടർ) മുഖേനയാണ് ഡ്യൂട്ടിക്കായി നിയോഗിക്കപ്പെടുന്ന പോലീസുകാർക്ക് പോസ്റ്റൽ ബാലറ്റുകൾ വിതരണം ചെയ്യുന്നത്.

(ഡി) അത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമനപടികൾ സ്വീകരിക്കുന്നതായിരിക്കും.

സംസ്ഥാന ജീവനക്കാർക്ക് നൽകിയ ആനുകൂല്യങ്ങൾ

6 (939) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ജീവനക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിനുവേണ്ടി എന്തു തുകയാണ് ചെലവായിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly